## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6752** 01/11/2011 ൽ മറുപടിയ്ക്ക്

### പ്രാക്തന ഗോത്രവർഗ്ഗവിഭാഗങ്ങളുടെ ഉന്നമനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ..എൻ.എ.ഖാദർ<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ. മഞ്ഞളാം കുഴി അലി | ശ്രീമതി.പി.കെ.ജയലക്ഷ്മി<br>(പട്ടിക വർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ) പതിമൂന്നാം ധനകാര്യകമ്മീഷന്റെ ശുപാർശ പ്രകാരം സംസ്ഥാനത്തെ പ്രാക്തന ഗോത്രവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരം നൽകുമോ; | കേരളത്തിലെ പ്രാക്തനഗോത്രവർഗ്ഗക്കാരുടെ സമഗ്രവികസനം ലക്ഷ്യമാക്കി പതിമൂന്നാം ധനകാര്യകമ്മീഷൻ അവാർഡിന്റെ ഭാഗമായി 148 കോടി രൂപ കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ട്. പ്രാക്തന ഗോത്രവർഗ്ഗങ്ങൾ അധിവസിക്കുന്ന സങ്കേതങ്ങളിൽ ഭവനനിർമ്മാണം, ആരോഗ്യം, കുടിവെള്ളം, പോഷകാഹാരം, വൈദ്യുതി, റോഡുകൾ, ഭൂരഹിതരായവർക്ക് ഭൂമി നൽകൽ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി, ജീവനോപാധികൾക്കുള്ള പദ്ധതികൾ അംഗൻവാടി, പ്രീപ്രൈമറി, പ്രൈമറി വിദ്യാഭ്യാസത്തിനായി പെരിപെറ്റിക് സെന്റർ സ്ഥാപിക്കൽ, സൗരോർജ്ജവിളക്കുകൾ സ്ഥാപിക്കൽ, മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ലഭ്യമാക്കുക, ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി കിണറുകൾ കുഴിച്ച് കുടിവെള്ളം ലഭ്യമാക്കുക, സാനിറ്റേഷനില്ലാത്ത വീടുകളിൽ കക്കൂസ് നിർമ്മിച്ച് നൽകുക, കടാശ്വാസ പദ്ധതി നൽകുക, എന്നിവയാണ് ഉദ്ദേശിക്കുന്നത്. നാലുവർഷംകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. (2011-2015) |
| (ബി) ഏതൊക്കെ ഗോത്രവിഭാഗങ്ങളാണ് ഈ പദ്ധതിയുടെ പരിധിയിൽ വരുന്നത്.; ഏതൊക്കെ പ്രദേശങ്ങളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; | പ്രാക്തനഗോത്രവർഗ്ഗമായ കുറുമ്പർ താമസിക്കുന്ന പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിലും, കൊറഗർ താമസിച്ചുവരുന്ന കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കാസർഗോഡ് എന്നിവിടങ്ങളിലും, കാട്ടുനായ്ക്കർ അധിവസിക്കുന്ന മലപ്പുറം ജില്ലയിലെ മണർക്കാട്, പെരുന്തൽമണ്ണ, വണ്ടൂർ, നിലമ്പൂർ, എന്നിവിടങ്ങളിലും, കോഴിക്കോട് ജില്ലയിലെ കൊടുവള്ളി, കുന്ദമംഗലം, കുന്നുമ്മൽ മേഖല, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി, മാനന്തവാടി, കൽപ്പറ്റ എന്നിവിടങ്ങളിലും, കാടർ താമസിച്ചുവരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ, ആലത്തൂർ, കൊല്ലംകോട്, തൃശൂർ ജില്ലയിലെ കൊടകര, ചാലക്കുടി എന്നിവിടങ്ങളിലും, ചോലനായ്ക്കർ അധിവസിച്ചു വരുന്ന മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിലുമാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

| | |
|---|---|
| (ഇ) ഏത് ഏജൻസി വഴി പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; അതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെക്കുറിച്ചു വിശദമാക്കുമോ;<br><br>(ഡി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ അതിന്റെ മോണിറ്ററിംഗിനും, സൂപ്പർവിഷനും എന്തൊക്കെ സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | സി & ഡി<br><br>പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് 28-10-2011 ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - കേരളത്തിലെ പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ടി 13-ാം ധനകാര്യകമ്മീഷൻ പ്രത്യേക ഗ്രാന്റായി അനുവദിച്ച 148 കോടി രൂപ ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങളിലുള്ള ഭേദഗതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്

സ.ഉ.(എംഎസ്)നം:108/പി.എം/11/പ.ജ.പ.വ.വി.വ. തിരുവനന്തപുരം തീയതി, 28-10-2011

---

പരാമർശം:- (1) 14-01-2011 ലെ സ.ഉ.(എം.എസ്) നം. 5/2011/പ.ജ.പ.വ.വി.വ.
(2) 19-03-2011 ലെ സ.ഉ.(എം.എസ്) നം.39/2011/പ.ജ.പ.വ.വി.വ.
(3) 16-05-2011 ലെ സ.ഉ.(എം.എസ്) നം.49/2011/പ.ജ.പ.വ.വി.വ.
(4) 10-10-2011 ൽ കൂടിയ സംസ്ഥാനതല എംപവേഡ് കമ്മിറ്റിയുടെ നടപടിക്കുറിപ്പുകൾ

## ഉത്തരവ്

കേരളത്തിലെ പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ടി 13-ാം ധനകാര്യകമ്മീഷൻ പ്രത്യേക ഗ്രാന്റായി അനുവദിച്ച 148 കോടി രൂപ ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പിന് പരാമർശം രണ്ടിലെ ഉത്തരവു പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. അതേതുടർന്ന് പരാമർശം 3 ലെ ഉത്തരവുപ്രകാരം പദ്ധതികളുടെ ആസൂത്രണം, നടത്തിപ്പ് എന്നിവ സംബന്ധിച്ച് ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ, ടി പദ്ധതി നടത്തിപ്പിനെപ്പറ്റി വിശദമായി പരിശോധിച്ചപ്പോൾ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ചില ഭേദഗതികൾ ആവശ്യമാണെന്ന് കണ്ടെത്തിയതിനെത്തുടർന്ന് പദ്ധതി നടത്തിപ്പ് സംബന്ധിച്ച പുതുക്കിയ നിർദ്ദേശങ്ങൾ 10-10-2011 ൽ ചീഫ്സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സംസ്ഥാനതല എംപവേഡ് കമ്മിറ്റിയുടെ പരിഗണനയ്ക്കു വയ്ക്കുകയുണ്ടായി.

പ്രസ്തുത കമ്മിറ്റിയുടെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പരാമർശം 3 ലെ സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ട് പദ്ധതി നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങളിൽ വ്യക്തത വരുത്തി താഴെപറയുന്നവ അംഗീകരിച്ച് സർക്കാർ ഉത്തരവു പുറപ്പെടുവിക്കുന്നു.

i) പട്ടികവർഗ്ഗവികസന വകുപ്പ് ഡയറക്ടർ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി കിർത്താഡ്സിന്റെ ഭരണപരമായ സഹായത്തോടുകൂടി കോഴിക്കോടുള്ള കിർത്താഡ്സ് ഓഫീസിൽത്തന്നെ പ്രോജക്ട് ഓഫീസ് പ്രവർത്തിക്കുന്നതാണ്.

ii)പട്ടികവർഗ്ഗവികസനവകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർമാരിൽ നിന്നും യോഗ്യനായ ഒരാളെ അഭിമുഖത്തിലൂടെ പ്രോജക്റ്റ് ലീഡറായി തിരഞ്ഞെടുക്കേണ്ടതാണ്. അദ്ദേഹമായിരിക്കും ഈ പദ്ധതി യുടെ ചുമതലയുള്ള ഓഫീസർ.

iii)താഴെ പറയുംവിധം ഒരു ത്രിതല സംവിധാനം പദ്ധതിനടത്തിപ്പിനുവേണ്ടി ഉണ്ടായിരി ക്കേണ്ടതാണ്.

1 സെക്ടറൽ ഓഫീസർമാർ -- 6

(മൂന്നുപേർ വീതം പട്ടികവർഗ്ഗവികസന വകുപ്പിൽനിന്നും വനംവകുപ്പിൽ നിന്നും നിയമി ക്കുന്നതാണ്.) ഈ ഓഫീസർമാരുടെ ശമ്പള നിരക്ക് 20740-36140-ൽ കവിയാൻ പാടില്ല(ഫോറസ്റ്റ് റേഞ്ചർമാരുടെ ശമ്പളനിരക്കാണ് ഇത് ). എന്നിരുന്നാലും പ്രസ്തുത ഓഫീസർമാരുടെ യഥാർത്ഥ ശമ്പളനി രക്ക്, അവർക്ക് മാതൃ തസ്തികയിൽ ലഭിക്കുന്നതായിരിക്കും.

2. പതിനഞ്ച് പ്രോജക്റ്റ് ഓഫീസർമാർക്കുപകരം പ്രതിമാസ സമാഹൃതശമ്പളം 20,000 രൂപ (ഇരുപതിനായിരം രൂപ മാത്രം) നിരക്കിൽ താഴെപറയും വിധം ഏഴു റിസർച്ച് ഓഫീസർമാരെ നിയ മിക്കേണ്ടതാണ്.

| | |
|---|---|
| വയനാട് | -2 |
| കോഴിക്കോട് | -1 |
| തൃശൂർ | -1 |
| പാലക്കാട് | -1 |
| മലപ്പുറം | -1 |
| കാസർഗോഡ് | -1 |

3. പ്രതിമാസ സമാഹൃതശമ്പളം ഏഴായിരം രൂപ എന്ന നിരക്കിൽ 24 ഡെവലപ്മെന്റ് മീഡിയേറ്റേ ഴ്സിനെ നിയമിക്കേണ്ടതാണ്. പട്ടികവർഗ്ഗവിഭാഗത്തിൽ നിന്ന് ബിരുദയോഗ്യതയുള്ളവർക്കും, ഇതിനുമുൻപ് പട്ടികവർഗ്ഗവികസനരംഗത്ത് പ്രവർത്തിച്ച് പരിചയമുള്ളവർക്കും ആ ക്രമത്തിൽ മുൻഗണന നൽകേണ്ടതാണ്.

iv) പ്രോജക്റ്റ് ലീഡർക്കും സെക്ടറൽ ഓഫീസർക്കുമായി ഒരു ജീപ്പ് വാടകയ്ക്ക് എടുക്കുന്നതിനും, റിസർച്ച് ഓഫീസർമാർക്കും ഡെവലപ്മെന്റ് മീഡിയേറ്റർമാർക്കുമായി മോട്ടോർബൈക്കുകളും, പ്രോജക്റ്റ് സ്റ്റാഫിനുവേണ്ടി CUG മൊബൈൽ ഫോണുകളും, ഓഫീസ് നടത്തിപ്പിന് ആവശ്യമായ സാമ ഗ്രികളും വാങ്ങുന്നതിലേയ്ക്കുമായി പ്ലാനിംഗ്, ഇംപ്ളിമെന്റേഷൻ ആൻഡ് മോണിറ്ററിംഗ് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ചെലവഴിക്കേണ്ടതാണ്.

v) പട്ടികവർഗ്ഗ വികസനരംഗത്ത് മികവുറ്റ പരിചയമുള്ള ഒരാളുടെ അദ്ധ്യക്ഷതയിലുള്ള ഒരു കമ്മിറ്റിയുടെ തീരുമാനപ്രകാരമായിരിക്കണം ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കേണ്ടത്. അതിനായി കമ്മിറ്റി രൂപീകരിക്കണം.

പദ്ധതിയുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി ഇതിനായി അനുവദിച്ചിട്ടുള്ള തസ്തികകളിലേയ്ക്കുള്ള നിയമനം ഒരുമാസത്തിനുള്ളിൽ നടത്തേണ്ടതാണ്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഉദ്യോഗസ്ഥരെ നിയമിച്ചുകഴിയുന്ന മുറയ്ക്ക് പദ്ധതിയുടെ നടത്തിപ്പ് അവലോകനം ചെയ്യുന്നതിനായി ബഹു.മുഖ്യമന്ത്രി യോഗം വിളിച്ചുചേർക്കുന്നതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എം.ശിവശങ്കർ
സെക്രട്ടറി

പട്ടികവർഗ്ഗ വികസന വകുപ്പു ഡയറക്ടർ, തിരുവനന്തപുരം.
കിർത്താട്ട്സ് ഡയറക്ടർ, ചേവായൂർ, കോഴിക്കോട്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സാമൂഹ്യക്ഷേമ വകുപ്പു ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്/തദ്ദേശസ്വയംഭരണ വകുപ്പ്/ആരോഗ്യ കുടുംബക്ഷേമ വകുപ്പ്/വനം വകുപ്പ്/കൃഷി വകുപ്പ്/റവന്യൂ വകുപ്പ്/ഊർജ്ജ വകുപ്പ്/ജലവിഭവ വകുപ്പ്/എക്സൈസ് വകുപ്പ്/സാമൂഹ്യക്ഷേമ വകുപ്പ്/പൊതുമരാമത്തു വകുപ്പ്/ആഭ്യന്തര വകുപ്പ്/ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടറി, കേരളനിയമസഭ.
രജിസ്ട്രാർ, കേരള ഹൈക്കോടതി
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി)വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ